ആർ.ഡി. സർക്കുലറിലെ ഉത്തരവു ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4.6.1990 ൽ 2200-75-2800-ഇബി-100-4000 ശമ്പളസ്കെയിലിൽ

(ബി) 7.8.1998-ന് പുതിയ സ്കെയിൽ അനുവദിച്ചു. 4500-150-5700 രൂപ. ഇപ്പോഴും ഈ പുതിയ സ്കെയിലിൽ ശമ്പളം വാങ്ങുന്നു.

(സി) 82,933/- രൂപ

(ഡി) സി-ഡിറ്റ് രജിസ്ട്രാറായി ശ്രീ. പി.സി. ഉണ്ണികൃഷ്ണന് പുനർ നിയമനം നൽകിയത് 19.8.96-ലാണ്. രജിസ്ട്രാർ തസ്തികയുടെ ശമ്പള സ്കെയിലായ 2200-4000 രൂപയാണ് പ്രസ്തുത ഉത്തരവിൽ പറഞ്ഞിരുന്നത്. എന്നാൽ 29.1.97-ന് കൂടിയ സി-ഡിറ്റിന്റെ ഗവേണിംഗ് ബോഡി അംഗീകരിച്ച സ്റ്റാഫ് പാറ്റേണും ശമ്പള നിരക്കും അനുസരിച്ച് രജിസ്ട്രാർ തസ്തികയുടെ ശമ്പള സ്കെയിൽ 4500-150-5700 ആയി മാറ്റി നിശ്ചയിക്കുകയാണുണ്ടായത്. ഇതിന് മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല. ഇക്കാര്യത്തിൽ പി.ആന്റ്.എ. ആർ.ഡി സർക്കുലറിലെ നിർദ്ദേശം ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

35 (3488) സി-ഡിറ്റ് ലൈബ്രറി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-നുശേഷം സി-ഡിറ്റ് ലൈബ്രറിയിലേക്ക് എത്ര രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്;

(ബി) സി-ഡിറ്റിന്റെ ബഡ്ജറ്റിൽ പുസ്തകങ്ങൾ വാങ്ങാനായി 1996-97, 1997-98, 1998-99 വർഷങ്ങളിൽ എന്തു തുക വീതം വകയിരുത്തിയിരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1996-97 - 2,58,239/-രൂപ (ആഡിറ്റഡ്)
1997-98 - 2,92,437/-രൂപ (പ്രൊവിഷണൽ)
1998-99 - 2,37,507/-രൂപ (അൺആഡിറ്റഡ്)

(ബി) സി-ഡിറ്റിലെ വിവിധ ഗവേഷണ വികസന പ്രോജക്ടുകളിലെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ പ്രോജക്ടിനും അതാത് വർഷത്തെ മൊത്തം ചെലവുകൾക്കായി സി-ഡിറ്റ് ബഡ്ജറ്റിൽ തുക വകയിരുത്തുകയാണ് പതിവ്. ഈ വിഹിതത്തിനുള്ളിൽ വരത്തക്കവിധത്തിൽ ഉപകരണങ്ങൾ, കമ്പോണന്റുകൾ, സ്പെയർപാർട്ടുകൾ, പുസ്തകങ്ങൾ തുടങ്ങിയവ ഓരോ പ്രോജക്ടിന്റെയും ആവശ്യമനുസരിച്ച് വാങ്ങുക എന്നതാണ് രീതി. അതിനാൽ പ്രത്യേകമായി ലൈബ്രറി പുസ്തകങ്ങൾ വാങ്ങാൻ മാത്രം തുക വകയിരുത്താറില്ല. പ്ലാൻ ഫണ്ട് മാത്രമാണ് ഈ രീതിയിൽ വിനിയോഗിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly